# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2079 11.03.2020-ൽ മറുപടിയ്ക്ക്

## പ്രവാസി ചിട്ടി വഴി സമാഹരിക്കാനുദ്ദേശിച്ച തുക

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | മൂന്നുവർഷത്തിനുള്ളിൽ 25000 കോടി സമാഹരിക്കുമെന്ന ലക്ഷ്യത്തോടെ 2017-18 ലെ ബജറ്റിൽ പ്രഖ്യാപിച്ച പ്രവാസി ചിട്ടിയിൽ ഇതിനകം സമാഹരിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | 2017-18 ബഡ്ജറ്റിൽ 25000 കോടി രൂപ സമാഹരിക്കുമെന്നു പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ അടുത്ത ഏതാനും വർഷങ്ങൾ കൊണ്ട് 10000/- കോടി രൂപയുടെ വിറ്റുവരവ് പ്രതീക്ഷിച്ചിട്ടാണ് പ്രവാസി ചിട്ടി തുടങ്ങിയത്. നവംബർ 2018 ൽ തുടങ്ങിയ പ്രവാസി ചിട്ടിയിൽ ഇതു വരെ 154.29 കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതുവരെ തുടങ്ങിയ ചിട്ടികളിൽ നിന്നുമായി 676.59 കോടി രൂപയുടെ വിറ്റുവരവാണ് ലഭ്യമാവുക. |
| (ബി) | 2017-18 ലെ ബജറ്റിൽ പ്രഖ്യാപിച്ച ചിട്ടിയിൽ ചേരുന്നവർക്കായി പ്രഖ്യാപിച്ച പ്രവാസി പെൻഷൻ പദ്ധതിയിൽ ആരുടെയും പേരിൽ ഇതുവരെ ഒരു ഗഡു പോലും പ്രീമിയം അടയ്ക്കാത്ത സാഹചര്യമുണ്ടോ; | (ബി) | പ്രവാസി വെൽഫെയർ ഫണ്ട ബോർഡുമായി സഹകരിച്ചു കൊണ്ട്, പ്രവാസി ചിട്ടിയിൽ ചേരുന്ന പ്രവാസികൾക്ക് പെൻഷൻ ലഭിക്കുന്നതിനു വേണ്ടിയുള്ള പ്രതിമാസ പ്രീമിയം നൽകുന്ന ഒരു വർദ്ധിത ഉത്പന്നമായി പ്രവാസി ചിട്ടിയെ മാറ്റുന്ന പദ്ധതി 01.11.2019 മുതൽ നടപ്പാക്കിയിട്ടുണ്ട്. പതിനായിരം രൂപയോ അതിനു മുകളിലോ പ്രതിമാസ തവണ സംഖ്യയുള്ള പ്രവാസി ചിട്ടികളിൽ ചേർന്ന് പണമടയ്ക്കുന്ന വരിക്കാർക്കാണ് കേരള പ്രവാസി ക്ഷേമ ബോർഡിന്റെ പെൻഷൻ പദ്ധതിയുടെ അംശാദായം (പ്രതിമാസം 300 രൂപ വരെ) കെ.എസ്.എഫ്.ഇ വഹിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇതു വരെ 347 പേർ ഈ പെൻഷൻ പദ്ധതിയിൽ ചേർന്നിട്ടുണ്ട്. അവരുടെ പ്രീമിയം തുക മേല്പറഞ്ഞ തീയതിയോ അവർ ചിട്ടിയിൽ ചേർന്ന തീയതിയോ മുതൽ അടയ്ക്കുന്നതിനുള്ള പ്രക്രിയകൾ പൂർത്തിയായി വരുന്നു. |

| | | | |
|---|---|---|---|
| (സി) | ചിട്ടിക്കായി നൽകിയ പരസ്യത്തിന് കെ.എസ്.എഫ്.ഇ ക്ക് ഇതിനകം ചെലവായ തുക എത്രയെന്ന് വ്യക്തമാക്കുമോ; | (സി) | 31.03.2019 ലെ ഓഡിറ്റഡ് ബാലൻസ് ഷീറ്റ് പ്രകാരം പ്രവാസി ചിട്ടി പരസ്യം നല്കുന്നതിലേക്കായി കെ.എസ്.എഫ്.ഇക്കു 4.24 കോടി രൂപ ചെലവായിട്ടുണ്ട്. |
| (ഡി) | അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബിയിലേക്ക് പ്രവാസി ചിട്ടി വഴി എത്തുമെന്ന് കണക്ക് കൂട്ടിയ 25000 കോടി രൂപ ലഭിക്കാത്ത സാഹചര്യമുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ഡി) | പിരിവ് 'എ' യിൽ വ്യക്തമാക്കിയതു പോലെ 25,000 കോടി എന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടില്ല. പ്രവാസി ചിട്ടികൾ ദീർഘകാല ലക്ഷ്യം വച്ചുകൊണ്ട് ആരംഭിച്ച അതിനൂതനമായ ഒരു ഉൽപ്പന്നമാണ്. അതിഹ്രസ്വകാലത്തെ വിറ്റുവരവും മൂലധനച്ചെലവും എല്ലാം താരതമ്യപ്പെടുത്തി ഇത്തരം ഒരു ധനകാര്യ ഉൽപ്പന്നത്തെ സംബന്ധിച്ച തീർപ്പിന് തുനിയുന്നത് തികച്ചും അശാസ്ത്രീയവും അനുചിതവുമാണ്. നവംബർ 2018 ൽ തുടങ്ങിയ പ്രവാസി ചിട്ടിയിൽ ഇതു വരെ 154.29 കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതുവരെ തുടങ്ങിയ ചിട്ടികളിൽ നിന്നുമായി 676.59 കോടി രൂപയുടെ വിറ്റുവരവാണ് ലഭ്യമാവുക. ചിട്ടി പിടിച്ച ചിറ്റാളന്മാർക്ക് ചിട്ടിപ്പണം നൽകുന്നതിനുള്ള പണം പിൻവലിച്ചതിനു ശേഷം പ്രവാസി ചിട്ടി വഴി കിഫ്ബി ബോണ്ടുകളിൽ 107.208 കോടി രൂപ (03/03/2020 വരെ) നിക്ഷേപിച്ചിട്ടുണ്ട്. ഇപ്പോൾ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലുമുള്ള പ്രവാസികളെ ചിട്ടിയിൽ ചേർക്കുന്ന (NRK) ചിട്ടിയിൽ കൂടുതൽ പേരെ ആകർഷിക്കുന്നതു വഴി സമീപ ഭാവിയിൽ കിഫ്ബിയിലേയ്ക്ക് കൂടുതൽ തുക സ്വരൂപിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ